# ACADEMIC MASTER PLAN

# 2025-26

# HIM UP SCHOOL KALPETTA

# STD.I

# <u>ഉള്ളടക്കം</u>

ആമുഖം

പ്രവർത്തന കലണ്ടർ

പ്രവർത്തന വിശദാംശങ്ങൾ

വിലയിരുത്തൽ

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടിയുടെ സമഗ്ര വികസനമാണ് വിദ്യാലയം ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ, സ്വതന്ത്ര വായന, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്. ഈ രീതിയിൽ കുട്ടികളെ ഉയർന്ന പഠനനിലവാരം ഉള്ളവരാക്കാൻ വേണ്ടി തയ്യാറാക്കിയ മാർഗരേഖ ഇവിടെ കൊടുക്കുന്നു.

ഗണിത പഠനം കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും കുട്ടികളെ ഗണിത ആശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് വളർത്തുന്നു. സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാ വ്യാഖ്യാനം, തുടങ്ങിയ പഠന നേട്ടം ലക്ഷ്യം വെച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നു.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തന കലണ്ടർ | നിർവഹണ കാലം |
|---|---|---|
| 1 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 2 | കഥാപ്രയാണം | ജൂൺ - മാർച്ച് |
| 3 | സംയുക്ത ഡയറി | ജൂലൈ -മാർച്ച് |
| 4 | വായനോത്സവം | ജൂലൈ - മാർച്ച് |
| 5 | നിർമ്മാണ ശില്പശാല | ആഗസ്റ്റ് |
| 6 | അക്ഷരത്തിളക്കം | സെപ്തംബർ - മാർച്ച് |
| 7 | രചനോത്സവം | സപ്തംബർ-മാർച്ച് |
| 8 | ഗണിത കേളികൾ | ജൂൺ - മാർച്ച് |
| 9 | ഫീൽഡ് ട്രിപ് | ഡിസംബർ |
| 10 | Puppet Show | ആഗസ്റ്റ് - മാർച്ച് |

# പ്രവർത്തന വിശദാംശങ്ങൾ

**പാട്ടരങ്ങ്**

ഒന്നാം ക്ലാസ്സിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രാധാന്യമുണ്ട്. കുട്ടികളിലെ താളബോധ വികാസത്തിനു പാഠ്യപദ്ധതി ഊന്നൽ നൽകുന്നു.പഠന താല്പര്യം വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും സഹായകമായ പാട്ടുകൾ പരിചയപ്പെടുത്താനും അവ സദസ്സിന് മുന്നിൽ അവതരിപ്പിക്കാനും അവസരം നൽകുന്ന പാട്ടരങ്ങ് ജൂൺ മുതൽ മാർച്ച് വരെ നിലനിൽക്കുന്നു.

പാട്ടുമായി ബന്ധപ്പെട്ട പഠന ലക്ഷ്യങ്ങൾ ഭാഷാ വികസന മേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസ മേഖലയിലുമുണ്ട് അവ നേടുക എന്നതാണ് ലക്ഷ്യം.

**കഥാപ്രയാണം**

കുട്ടികൾക്ക് മുന്നിൽ അധ്യാപകർ കഥകൾ അവതരിപ്പിക്കുന്നു. തുടർന്ന് കുട്ടികൾക്ക് കഥ അഭിനയിച്ച് കാണിക്കാൻ അവസരം നൽകുന്നു.ഇതിലൂടെ കുട്ടികളുടെ അഭിനയ സാധ്യതകളും ഭാഷണ ശേഷി വികസിപ്പിക്കുന്നതിനും സഹായിക്കുന്നു.

**സംയുക്ത ഡയറി**

പരിചയിച്ച അക്ഷരങ്ങൾ പുതിയ രചന സന്ദർഭത്തിൽ പ്രയോഗിച്ച് കുട്ടിയുടെ സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുക

അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക തനിച്ച് എഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ മാതാപിതാക്കളുടെ സഹായത്തോടെ ജൂലൈ മുതൽ മാർച്ച് വരെ തുടരുന്ന പ്രവർത്തനം .

<u>വായനോത്സവം</u>

സംയുക്ത വായനയിൽ തുടങ്ങി കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുക എന്നതാണ് ലക്ഷ്യം എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക രക്ഷിതാക്കളെയും പങ്കാളികളാക്കുക ആശയ ഗ്രഹണ ശേഷി, ആസ്വാദ്യവായന, ആശയ ഗ്രഹണ വായന എന്നീ ശേഷികൾ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികളിലെ വായന വളർത്തുന്നതിനായി വീടുകളിൽ വായനാമുറി രൂപീകരിക്കാനുള്ള പ്രോത്സാഹനം രക്ഷിതാക്കൾക്ക് നൽകുന്നു.

<u>നിർമ്മാണ ശില്പശാല</u>

പ്രവർത്തിപരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്. പരിസ്ഥിതി സൗഹൃദമായ ഉപകരണങ്ങൾ പരിചയപ്പെടുത്തുക. പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങൾ ആക്കി മാറ്റുക. കുട്ടികളിലെ കലാപരമായ ശേഷിയും കരവിരുദ്ധം വികസിപ്പിക്കുക എന്ന ലക്ഷ്യത്തിലൂടെ നടപ്പിലാക്കുന്നു.

**<u>അക്ഷര തിളക്കം</u>**

പിന്തുണ ആവശ്യമുള്ള കുട്ടികൾക്കുള്ള പ്രവർത്തനം. സെപ്റ്റംബർ മുതൽ ആരംഭിക്കുന്നു.

**<u>രചനോത്സവം</u>**

കുട്ടികളിലെ സർഗാത്മകശേഷി വികസിപ്പിച്ച സ്വതന്ത്ര രചനക്ക് അവസരം ഒരുക്കുന്നു. അനുയോജ്യമായ ചിത്രങ്ങൾ വരച്ച് രചനയെ ആകർഷകമാക്കുന്നു. ഭാഷാ പഠനത്തിൽ കുട്ടികളുടെ ആശയ പ്രകാശനത്തിന് രചന പ്രവർത്തനങ്ങൾ ആവശ്യമാണ്.

**<u>ഗണിത കേളികൾ</u>**

ക്ലാസ് റൂമിൽ കുട്ടികൾക്കായി രസകരമായ ഗണിതകേളികൾ നടത്തുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. ജൂൺ മുതൽ മാർച്ച് മാസം വരെ തുടരുന്നു. മഞ്ചാടി സഞ്ചിക്ക് പ്രാധാന്യം നൽകുന്നു. സഞ്ചിയിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിക്കാൻ ആവശ്യപ്പെടുന്നു.

**<u>ഫീൽഡ് ട്രിപ്പ്</u>**

കുട്ടികൾ മുൻപ് പഠിച്ച വാതിൽപ്പുറം പഠന രീതികൾ ഉൾക്കൊണ്ടുകൊണ്ട് വിനോദയാത്ര സംഘടിപ്പിക്കുന്നു.

**Puppet Show**

Engaging learners in English learning by using puppets to tell stories and making the session interactive by having students ask and answer questions.

# വിലയിരുത്തൽ

(വർഷാവസാനം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുന്നു.)